## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3101**.

**13-03-2017 ൽ മറുപടിയ്ക്ക്**

## കൃഷി പ്രോൽസാഹന പദ്ധതികൾ

**ചോദ്യം**
ശ്രീ.പി.കെ.ബഷീർ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തരിശ് ഭൂമികളിൽ കൃഷി ചെയ്യുന്നതിനും തദ്വാരാ നെൽകൃഷിയും മറ്റ് അനുബന്ധ കൃഷികളും പ്രോൽസാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ കൃഷിയോഗ്യമായ ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 2008 ലെ കേരള നെൽ വയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും തരിശുനിലങ്ങൾ മാപ്പിംഗ് നടത്തുന്നതിനുമായി കേരളാ സ്റ്റേറ്റ് റിമോട്ട്സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) യുടെ സഹകരണത്തോടെയുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം ഇതിലേയ്ക്കായി 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വിശദമായ പദ്ധതി കെ.എസ്.ആർ.ഇ.സി. തയ്യാറാക്കിവരുന്നു.<br>നെൽകൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പാക്കുന്നതിനായി കൃഷിഭവൻ തലത്തിൽ ലഭ്യമായ തരിശുനിലങ്ങൾ ഉപയോഗപ്പെടുത്തി 2000 ഹെ. സ്ഥലത്ത് തരിശു കൃഷി നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കായി ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ (ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25000 രൂപ എന്ന കണക്കിന്) ധനസഹായം നൽകുന്നു. |

| | | | |
|---|---|---|---|
| (ബി) | കർഷകർക്ക് കൃഷി ചെയ്യുന്നതിന് പലിശ രഹിത വായ്പ നൽകുന്നതിനും കൃഷിക്ക് വിള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (ബി) | നിലവിൽ നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകി വരുന്നുണ്ട്. കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്, പ്രധാനമന്ത്രി ഫസൽ ബീമായോജന, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. |
| (സി) | കർഷകർ ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ഇടനിലക്കാരെ ഒഴിവാക്കി ന്യായമായ വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (സി) | കൃഷി വകുപ്പിന്റെ കീഴിൽ നെടുമങ്ങാട്, ആനയറ, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലുള്ള മൊത്തവ്യാപാര വിപണികളിലും, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന 5 ജില്ലാ സംഭരണ കേന്ദ്രങ്ങളിലും നെൽകർഷകരിൽ നിന്നുള്ള ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വിപണിയിൽ കൊണ്ടുവന്ന് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആഴ്ചയിൽ നിശ്ചിത ലേല ദിവസങ്ങളിൽ കർഷകർക്ക് കാർഷികോല്പന്നങ്ങൾ നേരിട്ട് എത്തിക്കുകയും അടിസ്ഥാന വില നിശ്ചയിച്ച് ലേലത്തിലൂടെ വിപണനം ചെയ്യുന്നതുമൂലം ന്യായവില ഉറപ്പാക്കുന്നതിനും സാധിക്കും. സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും ഹോർട്ടികോർപ്പ് ന്യായവില നൽകി സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാല വഴി വില്പന നടത്തുന്നുണ്ട്. കർഷകരിൽ നിന്നുള്ള ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഉടനീളം പ്രവർത്തിച്ചുവരുന്ന സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് ലേലത്തിലൂടെ കൂട്ടായി വിപണനം ചെയ്യുന്നതിലൂടെ കർഷകർക്ക് ന്യായവില ലഭിക്കുന്നു. നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാർ ഒരു ഉയർന്ന സംഭരണ വിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.70 രൂപയും സംസ്ഥാന സർക്കാരിന്റെ സംഭരണ വില കിലോയ്ക്ക് 22.50 രൂപയുമാണ്. പ്രസ്തുത പദ്ധതിയിലൂടെ നെൽകർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ന്യായമായ വില ഉറപ്പാക്കുന്നതിന് സാധിക്കുന്നു. |
| (ഡി) | കൃഷി പ്രോത്സാഹന പദ്ധതിപ്രകാരം സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരനെൽകൃഷി, മറ്റ് കാർഷിക വിളകളുടെ ഉൽപ്പാദനം എന്നിവ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | കര നെൽകൃഷി നടപ്പിലാക്കിയതു വഴി ഏകദേശം 4953 മെ.ടൺ നെല്ല് ഉൽപ്പാദിപ്പിക്കുകയുണ്ടായി. മിക്ക സ്ഥലങ്ങളിലും കൊയ്ത്ത് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും കൊയ്ത്തു കഴിഞ്ഞാൽ മാത്രമെ ഉൽപ്പാദനത്തിന്റെ കണക്ക് വ്യക്തമാവുകയുള്ളൂ. 2016-2017 ലെ പച്ചക്കറി ഉല്പാദനം സംബന്ധിച്ചുള്ള വിവരങ്ങൾ കണക്കാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ